

# അക്ഷരം

ലക്കം 1, ഏപ്രിൽ 2017

**TROMBAY TOWNSHIP FINE ARTS CLUB (Regd.)**

Room No.1, Cultural Complex, Takshasila square, Anushaktinagar, Mumbai-94

Telephone : 022-25527115, email : ttfac@hotmail.com, Web site : www.ttfac.org

# അക്ഷരം

ഇ-മാഗസിൻ
ഒരു ടി.ടി.എഫ്.എ.സി. പ്രസിദ്ധീകരണം
ലക്കം 1, ഏപ്രിൽ 2017
aksharam.ttfac@gmail.com

**എഡിറ്റർ**

ശ്രീ. സുധീർ മുഹമ്മദ്

**രക്ഷാധികാരികൾ**

ശ്രീ. മുരളീധരൻ നന്നാട്ട്,
പ്രസിഡന്റ്, ടി.ടി.എഫ്.എ.സി

ശ്രീ. രതീഷ് എം. പി.,
സെക്രട്ടറി, ടി.ടി.എഫ്.എ.സി

ജയകൃഷ്ണൻ വി. ബി.
ട്രഷറർ, ടി.ടി.എഫ്.എ.സി

**നിർവ്വാഹക സമിതി**

ശ്രീ. വിജു ചിറയിൽ

ശ്രീ. പ്രദീപ് ആർ.

ശ്രീ. ശ്രീപ്രസാദ് വി.

ശ്രീ. സുനിൽ ജോർജ്ജ്
(ഡിസൈൻ, ലേ-ഔട്ട്)

**ഇല്ലസ്ട്രേഷൻ**

ശ്രീമതി. ജിൽജു രതീഷ്

## ഉൾത്താളുകളിൽ...

1. **ഒരു തണുത്ത വേനൽക്കാലം** — 4
   പ്രതിഭ പ്രദോഷ്
2. **സാക്ഷി** — 5
   പദ്മകുമാർ
3. **My lost Park** — 9
   Nandana Menon
4. **പിൻവിളി** — 10
   മായാദത്ത്
5. **അറിയൂ...ഉണരൂ...** — 13
   ലക്ഷ്മി സന്ദീപ്
6. **സൈഡ് ഇഫക്റ്റ്സ് ഓഫ് MNC പേസ്ലിപ്പ്** — 15
   ശാർങ്ങധരൻ
7. **The broken to Messiah** — 17
   Chaithanya Raveendran
8. **വിരഹദു:ഖം** — 18
   നോബിൾ ജേക്കബ്ബ്
9. **ബാല്യം - ഒരോർമ്മ** — 21
   സരിത പ്രവീൺ
10. **അമ്പലപ്രാവും പരുന്തും** — 22
    ജി രവീന്ദ്രൻ
11. **My Own** — 23
    Meena Anil
12. **മഴ** — 24
    ലീന പിള്ള
13. **വനിതാദിനം** — 25
    ആശാമോൾ എൻ. എസ്.

# എഡിറ്റോറിയൽ

വായന മരിക്കാതിരിക്കാൻ...

അക്ഷരം എന്നാൽ നശിക്കാത്തത് എന്നർത്ഥം. മലയാളം മരിച്ചുകൊണ്ടിരിക്കുന്നു എന്ന ചിന്ത പഴയതാണ്, മനോഹരമായി മലയാളത്തിൽ ട്രോളുന്ന പുതുതലമുറ പ്രതീക്ഷക്ക് വകനൽകുന്നു. വലിയ കൃതികൾ വായിക്കപ്പെടില്ല എന്ന വിഹ്വലതയും 'ആടു ജീവിതങ്ങൾ' ഇല്ലാതാക്കി. എന്നാൽ യുവ എഴുത്തുകാർക്ക് ദിശ നൽകുക എന്ന കർത്തവ്യം നിർവഹിക്കപെടാതെ അവശേഷിക്കുന്നു, അതിനാൽ തന്നെ മുഖപുസ്തകത്തിലെ ചിന്തകർ എഴുത്തുകാരാകാതെ ഒതുങ്ങിപ്പോകുന്നു.

അണുശക്തിനഗറിലെ മലയാളി എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക എന്ന ദൗത്യമാണ് 'അക്ഷരം' ഏറ്റെടുത്തിരിക്കുന്നത്. ഇതിനെതിരെ നിരൂപണഖഡ്ഗങ്ങളുമായി വരുന്നവർക്ക്, ക്ഷമിക്കുക തൽക്കാലം നിങ്ങൾ രചനകളിലൂടെ വഴികാട്ടുക, നമ്മുടെ കുട്ടികൾ എഴുതിത്തെളിയട്ടെ പിന്നീട് അവസരം വരും അപ്പോഴാകാം...

ഈ സംരംഭം അനവരതം അനുസ്യൂതം തുടരട്ടെ എന്ന് ആശംസകളോടെ



സസ്നേഹം

സുധീർ മുഹമ്മദ്
എഡിറ്റർ



sudheerkmuhammed@gmail.com

# ഒരു തണുത്ത വേനൽക്കാലം

പ്രതിഭ പ്രദോഷ്



വേനൽ എന്നാൽ അവധിക്കാലം എന്ന എന്റെ നിർവചനം തെറ്റി തുടങ്ങിയത് ജോലി കിട്ടിയതിന് ശേഷമാണ്. അല്ലെങ്കിൽ വേനൽക്കാലം വെയിൽമഞ്ഞ നിറമുള്ള അവധിക്കാലം ആയിരുന്നു. ആവോളം മണ്ണപ്പം ചുട്ടു കളിച്ചിരുന്ന അവധിക്കാലം. പൂത്തു നിൽക്കുന്ന കൊന്നകൾ, പഴുത്തു തുടുത്ത മഞ്ഞ മാങ്ങകൾ, ഒരു തരത്തിലും എത്തി തൊടാൻ ആവാത്ത ആഞ്ഞിലി ചക്കകൾ...ഒക്കേറ്റിനും നല്ല കടുംമഞ്ഞ നിറം ചാർത്തിക്കൊടുത്ത വേനൽക്കാലം.

മണ്ണിനു വരൾച്ചയുടെ ചാരനിറം പൂശുന്ന വേനലിനെ ഇഷ്ടപ്പെടാൻ രണ്ട് കാരണങ്ങൾ ഉണ്ടായിരുന്നു. പാഠപുസ്തകം തുറക്കണ്ടാത്ത നീണ്ട അവധിക്കാലം എന്നതും പിന്നെ ഭൂമിയുടെ ജീവധാരകളെ മുത്തമിട്ട് ഉണർത്തുന്ന മഴക്കാലം ഇതാ ഇങ്ങെത്തി എന്നതും.

പിന്നെ എന്നോ വേനലിന്റെ ചൂട് അറിയാത്ത കുറെ വേനൽക്കാലങ്ങൾ വന്നു. പ്രേമം തീ പോലെ പടർന്ന വേനൽക്കാലങ്ങൾ. കടൽക്കരയിൽ രണ്ടു പ്രതിമകളെ പോലെ പൊരിവെയിലത്തു കണ്ണിൽ നോക്കിയിരുന്നു

കറുത്തു കരിവാളിച്ച മുഖങ്ങളായി ഞങ്ങൾ മടങ്ങിയ വേനൽ സന്ധ്യകൾ.

പിന്നെയും വന്നു രണ്ടു സുന്ദര വേനൽക്കാലങ്ങൾ. ഞങ്ങളുടെ ജീവിതത്തിലേയ്ക്ക് മുത്തുച്ചിപ്പി പൊട്ടിച്ച് രണ്ട് സുന്ദരമുത്തുകൾ ഉതിർന്നു വീണ രണ്ടു അതിമനോഹരമായ ഉഷ്ണകാലങ്ങൾ. കുഞ്ഞുചിണുങ്ങലുകൾക്ക് ഉറക്കം ഒഴിച്ചു കാവലിരുന്ന വേനൽക്കാല രാത്രികൾ. പ്രണയം താരാട്ട് പാടിയ വേനൽക്കാലങ്ങൾ....

ഇതിനിടയിൽ തലവേദനകളുടെ കനപ്പിച്ച പ്രഹരങ്ങളുമായി കൊടിഞ്ഞി ചൂടുകാലവും വന്നുപോയി. വീണ്ടും ഒരു വേനൽക്കാലം ഇതാ...എന്റെ ജീവിത വീക്ഷണങ്ങളെ ഒന്നുടച്ചുവാർക്കാൻ എത്തുന്നു – ബാൽക്കണിയിലൂടെ കാണുന്ന മഞ്ഞ വാകപ്പൂക്കൾ നിറഞ്ഞു വിരിഞ്ഞ, വേറിട്ട നഗരക്കാഴ്ച്ചയിലെ മുറിവുണക്കും കാലം. വേനലേ... എനിക്ക് നിന്നോട് പ്രണയമാകുന്നു....

നീയെനിക്ക് തന്ന മഴക്കാലങ്ങളെ ഓർത്ത് ഞാൻ എന്നും നിന്നെ പ്രണയിക്കും.

# സാക്ഷി



പത്മകുമാർ

ടാറ്റാപവറിൽ ഞങ്ങൾ ഫുൾ പവറോടെ കത്തിജ്വലിച്ച് നിന്നിരുന്ന കാലം. കലോപാസകന്മാരായും ചെന്താമരപ്പൂക്കൾ പോലെയും (കടപ്പാട്, എതോ ഒരു ശപ്പൻ ഇത് നേരത്തേ പറഞ്ഞുകഴിഞ്ഞു, താമരയുടെ സെറ്റപ്പ് മനസ്സിൽ ഓർക്കുക) മറ്റും കാലത്തിന് അതീതരായി ഞങ്ങൾ വിലസി. കാലം കടന്നുപോയി. ശരിക്കും പറഞ്ഞാൽ കാലം ഓടി രക്ഷപ്പെടുകയായിരുന്നു.

ഈ കാലഘട്ടത്തിൽ പല കലാകാരന്മാർക്കും നമ്മുടെ രാജസദസ്സിൽ താത്ക്കാലിക മെമ്പർഷിപ്പ്കൊടുക്കുകയുണ്ടായി. നാട്ടിൽ നിൽക്കക്കള്ളിയില്ലാതെവന്ന ഒരു ചെറുകിട കലാകാരനും ഗൾഫിലേക്ക് കടക്കാൻ ശപഥം ചെയ്തുവന്ന പല തരികിട കലാകാരന്മാരുമായി, ഞങ്ങൾ കിടക്ക പങ്കുവച്ചു. ചില സമയങ്ങളിൽ രാവിലെ നോക്കുമ്പോൾ നാം തറയിലാണല്ലോ ഈശ്വരാ എന്ന് ആലോചിച്ചുപോകയും അല്ലെങ്കിലെപ്പോഴാണ് അങ്ങനെയല്ലാതായിട്ടുള്ളതെന്ന് ഓർത്ത് മനസ്സാക്ഷിയെ ആശ്വസിപ്പിക്കുകയും ചെയ്തു പോന്നു. അതേ, രാത്രി എല്ലാരും കട്ടിലേൽ തന്നെയാണ് കിടക്കാറുള്ളത്. എൻട്രോപ്പി മൂലമാണത്രേ ചിലർ തെറിക്കുന്നത്.

ഒരിക്കൽ വേക്കൻസി ഇല്ലായിരുന്ന കാലത്ത് ഒരു അവതാരപുരുഷൻ അതിരാവിലെ ഒരു കുപ്പി ബിസ്‌ലേരിയുമായി വാതിലിൽ മുട്ടി. ഇൻടേക്ക് ക്ലോസുചെയ്തിരുന്ന നമ്മോട് ഇദ്ദേഹം പണ്ട് പാലിൽ പഞ്ചസാര കലക്കിയ കവിയുടെ കഥ പറയുകയും പാരമ്പര്യം കാത്തുരക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധരാണെന്ന് താക്കീതു നല്കുകയും ചെയ്തപ്പോൾ നാം നയം അയച്ചു.

അദ്ദേഹം തുടർന്നു. ഈ ബിസ്‌ലേരി ബോട്ടിലിലുള്ള വെള്ളം അകത്ത് റിസർവിൽ കണ്ടേക്കാവുന്നപഴയ ബുദ്ധസന്യാസിയുമായി രണ്ടേ ഈസ്റ്റു മൂന്നേന്ന അനുപാതത്തിൽ ആവർത്തിച്ചാൽ രാവിലേ തന്നെ കലാപരിപാടികൾക്ക് നാന്നി കുറിക്കാമെന്ന് ആണയിട്ട് പറഞ്ഞപ്പോൾ നമുക്ക് ശരിക്ക് കൺവിൻസായി. ഞായറാഴ്ച സുപ്രഭാതത്തിന് അണിയറ ഒരുക്കാൻ വന്ന പ്രഗത്ഭകലാകാരന് ഒരു ചായ ഇട്ടുകൊടുക്കാൻ നാം കിച്ചൺ പൂകി.

ചായയുടെ കൂടെ കടിയൊന്നുമില്ലേന്ന് അദ്ദേഹം ചോദിക്കുകയും വളരെപ്പെട്ടെന്ന് ഒരുകുറ്റി ഗോതമ്പ് പുട്ട് ആവിയോടെ തയ്യാറാക്കി അദ്ദേഹത്തിന്റെ അണ്ണാക്കിലൂടെ തള്ളിയിറക്കുകയും ചെയ്യുന്നതുകണ്ട് ബാക്കിയുള്ള അന്തേവാസികൾ അടിവസ്ത്രം പോലും ധരിക്കാതെ ഓടി രക്ഷപ്പെട്ടു. ഉണ്ടാക്കിയ

പുട്ട് തീർന്നുവെന്ന് ഉറപ്പു വരുത്തിയ ശേഷമാണ് അവർ അകത്തു കടന്നത്**. ബാക്കിയിരുന്ന ഗോതമ്പുപൊടി അവർ കക്കൂസിൽ തട്ടി ഫ്ലഷ് ചെയ്തു.

കുനിഞ്ഞുനിന്ന് ഫ്ലഷ് ചെയ്യവേ, തോളിൽക്കിടന്ന തോർത്തും കക്കൂസിലകപ്പെടുകയും അത് വെള്ളത്തെ തടഞ്ഞുനിർത്തുകയും ചെയ്തു. മാത്രമല്ല, സമീപഭാവിയിൽ ഫ്ലഷ് ചെയ്യപ്പെടേണ്ട ഗൗരവമേറിയ മറ്റു പലതിനേയും.

രണ്ടുമണിക്കൂർ നീണ്ട വ്യായാമങ്ങൾക്കുശേഷവും തോർത്ത് തന്റെ സാന്നിദ്ധ്യംതെളിയിച്ചുകൊണ്ടിരുന്നു. രാവിലത്തെ സമയമായിരുന്നതുകൊണ്ട് ഇത് ഏറ്റവും വേണ്ടപ്പെട്ട സ്ഥലമായിരുന്നു. കാലക്കേട് തോർത്തിന്റെ രൂപത്തിലും വരാമെന്ന് തെളിഞ്ഞു. അവസാനം പലരും പല വഴിക്ക് തിരിഞ്ഞു. ചുറ്റുപാടും ചൊല്ലും ചെലവും പെഗ്ഗേന വല്ലപ്പോഴുംകൊടുക്കാറുണ്ടായിരുന്ന സുഹൃത്തുക്കൾ തങ്ങളുടെ കക്കൂസ് നമുക്കായി മലർക്കെ തുറന്നുതന്നു. തല്കാലം രക്ഷപ്പെട്ടുവെങ്കിലും ഇതിനൊരു പരിഹാരം കണ്ടേ തീരൂ, ഇന്ന് തന്നെ എന്ന് തീരുമാനിച്ചു.

നമ്മുടെ പുതിയ കലാകാരൻ തന്റെ മറ്റ് പൊട്ടെൻഷ്യലും തെളിയിക്കാനായി ഈ അവസരം ചോദിച്ചുവാങ്ങി. അദ്ദേഹം നമ്മെയെല്ലാം അകത്തേയ്ക്ക് ക്ഷണിച്ചു. ബുദ്ധഭിക്ഷു ബാക്കിയുള്ളത് കാണിക്കവെയ്ക്കാൻ നിർദ്ദേശിച്ചു. വഴങ്ങുകയല്ലാതെ മറ്റ് വഴിയൊന്നുമില്ലാതിരുന്നതിനാൽ മുട്ടുശ്ശാന്തിയ്ക്ക് ബാക്കി വച്ചിരുന്ന കാക്കുപ്പി ലോക്കറിൽനിന്നുമെടുത്ത് (ഇരട്ടത്താഴുള്ള) സമർപ്പിച്ചു. നേരത്തേ കരുതിയിരുന്ന ബിസ്‌ലെരി അര ഔൺസ് കുപ്പിയിലൊഴിച്ച് ഗ്ലക്.. ഗ്ലക് ശബ്ദത്തോടെ അകത്താക്കി. വീണ്ടുമൊരു അര ഔൺസ് വെള്ളമതിലൊഴിച്ച് റിൻസ് ചെയ്ത് അതും താങ്ങി. ഒരു കൃത്രിമ ഏമ്പക്കവും വിട്ട് അദ്ദേഹം പുറത്തിറങ്ങി.

ഞങ്ങളദ്ദേഹത്തെ അനുഗമിച്ചു. ഇവിടടുത്ത് ഈ പ്ലംബർ എവിടെയുണ്ടാകും? അദ്ദേഹം തിരക്കി. ഞങ്ങളിലൊരാൾ കാൽ പൊക്കിയതും നാമിടപെട്ട് രംഗം ശാന്തമാക്കിയതും ആരും അറിഞ്ഞില്ല. കലാകാരന്മാരോട് എന്നും ബഹുമാനമുണ്ടായിരുന്നൊരു പാരമ്പര്യമായിരുന്നു നമുക്ക്. റിസോഴ്സസ് തീർത്തും റിൻസുചെയ്തടിച്ച കലാകാരനെ മനസ്സാ ശപിച്ച് പോംവഴികൾക്കായി ആലോചിച്ചു.

ഇത്രയുമായപ്പോൾ നമ്മുടെ കലാകാരന് സമനില വീണ്ടുകിട്ടി. അദ്ദേഹം വീണ്ടും അകത്തു കയറി.നാം കോറസ്സായി പിന്നാലെയും. ഒരു നീണ്ട പ്ലാസ്റ്റിക് കവർ കൊണ്ടുവരൂ.അതൊരാജ്ഞയായിരുന്നു. നമ്മിലൊരാൾ അത് സംഘടിപ്പിച്ചു. അദ്ദേഹം കയ്യതിനുള്ളിലാക്കി, കൈ നനയാതെ മീൻ പിടിക്കണ മാതിരി തോർത്ത് വലിച്ച് പുറത്തെടുത്തു. തോർത്ത് കവറിലാക്കി തിരിച്ച് മടക്കി കൈ നനയാതെ കച്ചടയിൽ നിക്ഷേപിച്ചശേഷം നമുക്ക് ഷേക്ക് ഹാന്റ് തരാൻ ശ്രമിച്ചെങ്കിലും

മറ്റൊരു കവർ തപ്പിയെടുത്ത് കയ്യിലിട്ട ശേഷമാണ് അത് നടത്തിയത് (ഷേക്ക് ഹാന്റേ).

ഇദ്ദേഹത്തിന് കിടപ്പാടം നിഷേധിച്ചിരുന്നെങ്കിൽ ഒരു തീരാദു:ഖമായി ശേഷകാലം കഴിക്കേണ്ടിവന്നേനേന്ന് കാലം തെളിയിച്ചു. അങ്ങനെ ആസ്ഥാനകലാതിലകമായി കുറേക്കാലം ടാറ്റായ്ക്ക് വീണ്ടും പവറേകി.

അതിനിടെയാണ് ആ സംഭവം ഉണ്ടായത്.

രാവിലേമുതൽ ജ്വാലി തേടി എന്നും പോയിരുന്ന അദ്ദേഹം ഒരു ദിവസം പോയതിന് പത്തുമുനിട്ടിനുള്ളിൽ ഓടിക്കിതച്ച് തിരിച്ചുവന്ന് വാതിൽ ഠപ്പേന്ന് അടിച്ച ശബ്ദം കേട്ടാണ് നാമുണർന്നത്. എല്ലാരും അപ്പോൾ ആപ്പീസിൽ പോകാൻ തയ്യാറെടുക്കുന്നേയുള്ളു. എന്തുപറ്റി? എല്ലാരും ഒന്നിച്ച് ചോദിച്ചു.

കള്ളൻ. മാലകള്ളൻ...വിക്കി വിക്കി അദ്ദേഹം ഇത്രയും പറഞ്ഞു.

അതിന് താനെന്തിനാ ഓടിയേ?

ഒരു ഗ്ലാസ് വെള്ളമിറക്കിയശേഷം സമാധാനമായി അദ്ദേഹം തുടർന്നു.

"ഞാനിങ്ങനെ ബസ് കാത്തുനിൽക്കുമ്പോൾ ഒരു കള്ളൻ ഒരു സ്ത്രീയുടെ മാല പൊട്ടിച്ച് ഓടാൻ തുടങ്ങി. ആരും തന്നെ അവനെ പിടിക്കാൻ ശ്രമിക്കുന്നില്ല. പാവം സ്ത്രീ കരയുന്ന കണ്ട്, എനിക്ക് സഹിച്ചില്ല. ഞാനവന്റെ പിന്നാലെ ഓടി. ചോർ...ചോർ..എന്ന് വിളിച്ചുള്ള എന്റെ ഓട്ടം കണ്ട് ഒന്നു രണ്ടുപേർ കൂടെക്കൂടി. പത്തഞ്ഞൂറ് മീറ്റർ ഓടിയ കള്ളൻ ഒന്ന് മറിഞ്ഞടിച്ച് വീഴുകയും ഞൊടിയിടയിൽ ഞാനവനെ പിടിക്കുകയും ചെയ്തപ്പോൾ മറ്റുള്ളവരും എത്തി.

കണക്കിന് കൊടുത്തു. ഞങ്ങൾ അവനെ നടത്തി ബസ് സ്റ്റോപ്പിൽ എത്തിച്ചു. ഒരാൾ വിളിച്ച്പറഞ്ഞു, ഇസ്ക്കോ ഹം പോലീസ് കോ ദേ ദേംഗെ. ഒരു ആട്ടോ വിളിച്ചു. അവനെ അകത്താക്കി. എക് സാക്ഷി ചാഹിയേ. കോൺ ഇസ്കോ പകടാ ?

എല്ലാരും എന്നെ നോക്കി. നാം പതിയെ പിറകോട്ട് വലിഞ്ഞു. അരേ ഉസ്ക്കോ പകട്. ഒരു ആക്രോശം കേട്ടു. ആരോ എന്റെ കോളറിൽ പിടിച്ചതുപോലെ തോന്നിയപ്പോൾ പിന്നെ പിടികൊടുക്കാൻ നിന്നില്ല. അതിവിടെയെത്തിയാണ് നിന്നത്. അരേ സാക്ഷീ കോ പകട്...എന്നു വിളിച്ച് ഒന്നുരണ്ടുപേർ നമ്മുടെ പിന്നാലെ കുറച്ചുദൂരം ഓടിയിരുന്നു.

പിന്നെ രണ്ടുദിവസം അദ്ദേഹം പോയില്ല. ബസ് സ്റ്റോപ്പ് മാറി കേറാനും തുടങ്ങി.

**[ഈ ഗോതമ്പ് പുട്ട്, ബ്രീഡർ പട്ടികയിൽ പെടുത്താവുന്ന ഒന്നാണ്. ഇവൻ ക്രിട്ടിക്കൽ മാസ്സായി അകത്തു ചെന്നാൽ വിശപ്പ് എന്ന വികാരം മരവിക്കുകയും ആഴ്ചകളോളം ഇൻപുട്ട്ആവശ്യമില്ലാത്തൊരു അവസ്ഥ സംജാതമാകുകയും

ചെയ്യും. സോമാലിയയിലും മറ്റും ഇത് കയറ്റി അയക്കാൻ പറ്റാത്തത് ഏതോ മനുഷ്യാവകാശ ദ്രോഹി മനപൂർവ്വം പേറ്റന്റ് എടുത്തിട്ടുള്ളതിനാലാണ്. തോറിയമൊന്നും ആവശ്യമില്ലന്നേ. മൂന്നു ചാൺ വയറല്ലേ പ്രശ്നം]



# My lost park

**Nandana Menon**

My childhood memories linger around the park where I used to spend most of my free time with my friends. After spending a long boring day, I eagerly waited for the evening to come so that I could play in my dearest park. We used to enjoy rides in the swing, take deep dives in the slides and flutter about all around the green grass like butterflies.

My happy days did not last long. I was away for some days during summer vacations. When I came back, I was startled to find that my park was being cleared using a mammoth machine. Slowly my park was disappearing and a new building was emerging in its place. My beautiful park which was draped in greenery gave way to a concrete structure.

My sorrow knew no bounds. My father consoled me that these constructions are inevitable as everybody needs a house to live in. He told me that instead of lamenting about the lost park, we could take initiative to make a new one near our building. He put up this matter with the residents association of our building. They readily agreed and we together made a beautiful park.

Now a great contentment and pride fills my mind, when I play with my friends in our new park. I learned a valuable lesson that there is no point in crying over spilt milk. What is lost is lost. We should think creatively and try to make up for the losses in our life.

# പിൻവിളി

മായാദത്ത്



അമ്പലങ്ങളിൽ ദീപാരാധനയും മണിയടിയുമുണ്ട്
പള്ളികളിൽ ഞായറാഴ്ച കുർബാനയും അഞ്ചു നേരനിസ്കാരവും.

സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറു തന്നെ അസ്തമിക്കുന്നു.

പാതയോരങ്ങളിലെ മരത്തണലിൽ വേണമെങ്കിലൊന്ന് വിശ്രമിക്കാം
കിളി കൂജനങ്ങൾക്ക് കാതോർക്കുകയുമാവാം

അല്പം അഴുക്കുണ്ടെങ്കിലും
മിട്ടിനദിയും സുന്ദരി തന്നെ

വരാൻ ഇടയ്ക്കല്പം മന്ദത കാണിക്കുമെങ്കിലും
ക്ലോറിൻ ചുവയുള്ള വെള്ളം ദാഹം ശമിപ്പിക്കാറുണ്ട്.

മണ്ണിനല്പം കറുപ്പു നിറമുണ്ടെങ്കിലും
അതിലുണ്ടാകുന്ന പൂക്കൾ ഭംഗിയുള്ളവ തന്നെ.
സ്വർണ്ണവില കൊടുത്തു വാങ്ങുന്ന അൽഫോൻസോ
മാങ്ങയ്ക്കും നല്ല രുചി.

കടലോരത്തെ മണലിനും കറുപ്പു നിറം
എന്നുവച്ച് കടൽ കാണാനെത്തുന്ന പുരുഷാരത്തിനുണ്ടോ കുറവ്?

സെൻട്രലും വെസ്റ്റേണും ഹാർബറും ലൈനുകൾ
ശരീരത്തിലെ ഞരമ്പുകൾ
പോലെത്തന്നെ..
തീവണ്ടികളിൽ മനുഷ്യത്തിര സുനാമി പോലെ അടിച്ചു കയറാറുണ്ടെങ്കിലും

അതിലെ യാത്രയ്ക്ക് തൊട്ടിലിലാടുന്നൊരു സുഖമുണ്ട്.

ഗതാഗതക്കുരുക്ക്  ജീവിതത്തിന്റെ ഭാഗമായി മാറിയല്ലോ

ജാതി മത ഭാഷാ വ്യത്യാസമില്ലാതെ
ഉത്സവങ്ങൾ ആഘോഷിക്കാൻ ഉത്സാഹമേറെയുണ്ട്

വീട്ടിൽ കയറിയ ഉടൻ ഉമ്മറ വാതിൽ അടയുമെങ്കിലും
അയൽവാസികളെ കണ്ടു പരിചയമുണ്ട്.

ഇടുങ്ങിയ മുറികളിൽ കിടന്നാലും ഉറക്കം വരാറുണ്ട്.

ഹഫ്ത പിരിക്കലും അധോലോകവും
സിനിമകളിൽ മാത്രമാണ് കണ്ടതെങ്കിലും
ഇവിടെയെവിടെയൊക്കെയോ ഉണ്ടെന്നറിയാം.

ഇവിടുത്തെ ജീവിതം സുഖം തന്നെ....
എന്നിട്ടും..........

നേത്രാവതി എക്സ്പ്രസ് മഞ്ചേശ്വരമടുക്കുമ്പോൾ
എന്റെ ഹൃദയമിടിപ്പെന്തേ കൂടുന്നു?

വിശാലമായ അമ്പല പറമ്പും ആൽത്തറയുമെന്തേ
എന്നിലെ ഓർമ്മകൾക്ക് നിറം പകരുന്നു?
പള്ളികളിലെ മണിയടിയും ബാങ്കുവിളിയുമെന്തേ
എന്റെ മനസ്സിനെ ശാന്തമാക്കുന്നു?

ഹിന്ദിയും മറാഠിയും കേൾക്കുമ്പോൾ
തുഞ്ചന്റെ കിളിയെന്തേ മനസ്സിൽ കരയുന്നു?

നിളാ നദിയും തെങ്ങോലത്തലപ്പുമന്തേ
ഓർമ്മയായി
മനസ്സിനെ നീറ്റുന്നു?

പറമ്പിലെ ചുവന്ന മണ്ണും കടലോരത്തെ

പഞ്ചാരമണലുമെന്തേ
എന്റെ കാലടികളെ കുളിരണിയിക്കുന്നു?

തറവാടിന്റെ അകത്തളങ്ങളിലെ
ഇരുട്ടെന്തേ പൂനിലാവാകുന്നു?

മുറ്റത്തെകോണിലെ പുളിയൻ മാവ്
കുടഞ്ഞിട്ടു തരുന്ന മാങ്ങയെന്തേ തേൻകനിയാകുന്നു?

കിണറ്റിലെ വെള്ളമെന്തേ അമൃതാകുന്നു?

ഓണപ്പുലരിയെന്തേ
എന്റെ മനസ്സിനെ പൂക്കളമണിയിക്കുന്നു

ദൈവത്തിന്റെ സ്വന്തം നാട്
എന്നെയെന്തേ എന്നും തിരിച്ചുവിളിക്കുന്നു?





# അറിയൂ, ഉണരൂ...

## ലക്ഷ്മി സന്ദീപ്



ജന്മാന്തരങ്ങളുടെ തുടർച്ചയായുള്ള യാത്രയാണ് ഈ ജീവിതമെന്ന തിരിച്ചറിവുണ്ടാവാൻ ഇത്രയും ഋതുഭേദങ്ങൾ ദർശിക്കേണ്ടിവന്നു എനിക്ക്. സ്വപ്നസദൃശ്യമായ നാളുകൾക്കിടയിലും എന്തെന്നറിയാത്ത ആത്മസമ്മർദ്ദങ്ങളും, പൂർണ്ണതതേടിയലഞ്ഞ മനസ്സും എന്നെ നയിച്ചത് ആ ഉണർവിലേക്കായിരുന്നു. തികച്ചും ആകസ്മികമായി സംഭവിച്ച ആദ്യ 'സട്ടോരി'*.

എന്നും മറ്റുള്ളവരുടെ കണ്ണുകളിലൂടെ ലോകത്തെ നോക്കിക്കണ്ടിരുന്ന എനിക്ക് ആദ്യമായി ഈ ഭൂമിയിൽ ജനിച്ചപോലെയാണ് ആ പ്രഭാതത്തെ അനുഭവപ്പെട്ടത്. ചുറ്റുമുള്ള മരങ്ങളും ചെടികളും മനുഷ്യരും എല്ലാം മുമ്പെന്നും ഇല്ലാത്തവണ്ണം ശോഭയാർന്നവരായി. എങ്ങും എവിടെയും പുതുമ.. നന്മ.. പ്രകൃതിയൊന്നാകെ അഭൂതമായ ചൈതന്യം നിറഞ്ഞുനിന്നു.

വിസ്മയം നിറഞ്ഞ എൻറെ ലോകത്തേക്ക് ഒരുപിടി അതിശയങ്ങളുടെ നിറമഴയായിരുന്നു, പിന്നീട്. പ്രപഞ്ചം ഓരോ നിമിഷവും എന്നോട് സംവദിച്ചുകൊണ്ടിരുന്നു. മഴയായി, കാറ്റായി, സൂര്യവെളിച്ചമായി, എന്നും എപ്പോഴും, എവിടേയും.. അഞ്ച് ഇന്ദ്രിയങ്ങളും എന്നിലേക്ക് സന്തോഷവും നന്മയും മാത്രം പ്രദാനം ചെയ്തു.

സർവജ്ഞരായ ഗുരുക്കന്മാരെ പോലെ ഒരുപാട് പുസ്തകങ്ങൾ എന്നെ തേടിയെത്തി. അതുവരെ സാഹിത്യം മാത്രം ശീലിച്ച എനിക്ക് തീർത്തും നവ്യമായ ലോകം തുറന്നുതന്ന ഒരുപാട് ഗുരുക്കൻമാർ.

ആയിരം ഇതളുകളുള്ള ഒരു താമരയാണ് ഓരോ മനുഷ്യാത്മാവും. ചിന്തകളുടെ ഭാരമില്ലാതെ ആത്മസമർപ്പണത്തോടെ ശ്രവിച്ചാൽ നമുക്ക് കേൾക്കാനാവും, ജന്മാന്തരങ്ങളിലൂടെ നമ്മൾ കടന്നുവന്ന കഥകൾ... ഓരോ ജീവിതത്തിലേയും അനുഭവപാഠങ്ങൾ...

അതീന്ദ്രിയമെന്നുതോന്നുന്ന അനുഭൂതികൾ, ഈ പ്രപഞ്ചത്തിലെ നമുക്ക് ചുറ്റുമുള്ള മനുഷ്യരും സസ്യലതാദികളും ജീവജാലങ്ങളും എല്ലാം, ഒന്നാണെന്നുള്ള അവബോധം.. ആ അറിവ് നൽകുന്ന ആത്മശക്തി, സാഹോദര്യഭാവം.. ജീവിതം മനോഹരമാകുവാൻ കൂടുതൽ എന്താണ് വേണ്ടത്...?

ആത്മീയത ഒരു യാത്രയാണ്. അത്യന്തം സുന്ദരമായ, ലക്ഷ്യത്തേക്കാൾ വിസ്മയിപ്പിക്കുന്ന മാർഗത്തിലൂടെയുള്ള അയത്നലളിതമായ യാത്ര..
വരൂ, അറിയൂ, ഉണരൂ...

“For my part I know nothing with any certainty, but the sight of the stars makes me dream ..” -- Vincent Van Gogh

*'സട്ടോരി' :- It is a 'zen' budhist term for sudden awakening . [It refers to the experience of 'seeing into one's true nature'



# സൈഡിഫക്ടസ് ഓഫ് MNC പേസ്ലിപ്പ്

## ശാർങധരൻ



മേശപ്പുറത്ത് അവളുടെ പേസ്ലിപ്പ് കണ്ടു.
വളരെ ശ്രദ്ധയോടെ അശ്രദ്ധമായി വിടർത്തി
ഇട്ടിരിക്കുന്നു. ഒന്നു കണ്ണോടിച്ചുനോക്കി.
ബേസിക്പേ....ട്രാൻസ്പോർട്ടലവൻസ്......
ഫ്രിഞ്ച് ബെനഫിറ്റ്....
......
അങ്ങനെ നെറ്റ്പേ വരെ വായിച്ചു
ആ വരി അവനെ നോക്കി കൊഞ്ഞനം കുത്തി.
ആകെ നിരാശനായി.
അവളുടെ മുന്നിൽ പിടിച്ചുനിൽക്കാൻ ഇനി പേക്കമ്മീഷൻ തന്നെ കനിയണം.
പതിവ് പണികൾക്കായി അവൻ അടുക്കളയിലേക്ക് കയറി
സ്വീകരണമുറിയിൽ ടീവി വാർത്ത പറഞ്ഞുതുടങ്ങി.
നാളെ സ്വാതന്ത്ര്യദിനമാണ്.
.....................
അവളുടെ നെറ്റ്പേ കൂടിയതുമുതൽ അടുക്കളയിലേക്ക് കാണാറേയില്ല.
പണംകുറഞ്ഞവർക്ക് പാരതന്ത്ര്യം. അതാണല്ലോ വിധി.
അവൻ അറിയാതെ പറഞ്ഞുപോയി.
ടീവിയിൽ ഏഴാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് എന്തോപറഞ്ഞു.
കടുക്കാച്ചുന്നതിനിടയിൽ ശരിക്കും കേട്ടില്ല.
കൂട്ടാനിറക്കിവെച്ച് വേഗംവന്ന് കംപ്യൂട്ടർ ഓൺചെയ്തു നെറ്റിൽ നോക്കി.
ടീവി വാർത്തപറഞ്ഞ് വായടച്ചതേയുള്ളു.
സെവൻസിപിസി.കോമിൽ പേകാൽക്കുലേറ്റർ റെഡി. വിറയാർന്ന കൈകളോടെ അവൻ സ്വന്തം പേ കണക്കുകൂട്ടി. അവൻറെകണ്ണുകൾക്ക് വിശ്വസിക്ക്യാൻ കഴിയുന്നില്ല.

അടിച്ചു...മോളെ...!

സ്വാതന്ത്ര്യം.......ഹഹാ...സ്വാതന്ത്ര്യം..!
കിട്ടുണ്ണ്യേട്ടനെപ്പോലെ അവൻ മറിഞ്ഞുവീണു.
.............................
ആശുപത്രിയിൽ കിടയ്ക്കയരികിൽ അവളിരുന്നു.
ചൂടുള്ളകഞ്ഞി അവന് കുറേശെ കോരിക്കൊടുത്തു.
അവൻ മൃദുവായി ചിരിച്ചുകൊണ്ട് പറഞ്ഞു
"എനിക്കു സ്വാതന്ത്ര്യം കിട്ടി.
ഇപ്പൊ ശമ്പളം എത്ര്യാന്നറിയോ?
ഇനി നീ വേണം ഇതുപോലെ ഭക്ഷണം ഉണ്ടാക്കിത്തരാൻ.
കഞ്ഞികുടികഴിഞ്ഞ് പാത്രം മൂടിവെച്ചു.
അവൾ മോളുടെ ടിഫിൻബോക്സ് തുറന്നു....
ഒരുകഷ്ണം കേക്ക് എടുത്ത് അവന് വായിൽവെച്ചുകൊടുത്തു.
"എന്തായിരുന്നുവിശേഷം"
അവൻ ചോദിച്ചു
അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു "I got promotion & I have 30% hike in my salary"
പെട്ടെന്ന് കേക്ക് തൊണ്ടയിൽകുരുങ്ങി. ചുമ കൂടി....ശ്വാസം കിട്ടാതെയായി
പാവം തളർന്നു കിടക്കയിലേക്ക് വീണു. ...........................
ഐസിയുവിൽ ഡോക്ടർമാർ ഹൃദയതാളം നിരീക്ഷിച്ചുനിൽക്കവെ
പരസ്പരം പറയുന്നതുകേട്ടു.
"എനി സൈക്കൊസൊമാറ്റിക് റീസൺസ്?"
"യ്യ...അക്ക്യൂട്ട് എക്സപക്റ്റേഷൻ മിസ്സ്മാച്ച്"
"സാലറി ഓർ ഫാമിലി?"
"രണ്ടും ഡോക്ടർ" എന്ന്പറയണമെന്ന്അവന് തോന്നി.
വരണ്ട തൊണ്ടയിൽ വാക്കുകൾ വഴിമുട്ടി.

# The broken to Messiah

**Chaithanya Raveendran**



“There is a breaking point for everything”- A very common phrase which you must have heard and told millions of time.

But is it actually true?

How many times have you let other people break your heart, soul, mind, trust or your body? You have seen it being broken numerous times and still you have come up with an excuse to justify that event, that situation. We always hope that it will get better; that the next time someone would not break it or berate it. But this hope of a next time is a distant dream like a mirage in the endless desert of grief.

And every time you pick up those broken pieces and join them again, waiting for someone else to take care of it, you lose yourself in the process, of waiting for someone else. When that doesn’t happen, you don’t lose hope, you keep on anticipating that the day will come, when your saviour comes to protect you.

But no one comes and you realize that this process cannot go on further. It is high time we picked up those broken pieces, joined them and nourished them ourselves. Because no matter how much anyone loves us, only we can listen and feel our heart beating inside us always. We are the only one, we can depend on for eternity and every time you let it break, you lose yourself.

Hold it for once and never let it go away, be there for yourself irrespective of anybody else’s presence. Believe me, you will get yourself back again. Once we take a step forward towards ourselves, we will always have our back forever.

Instead of waiting for a Prince on a white horse, learn to be your own Knight in shining armour. There is only one message that I would like to give to all those broken hearts broken souls and broken people out there-

BE YOUR OWN MESSIAH!!

# വിരഹദുഃഖം

നോബിൽ ജേക്കബ്ബ്



കാറിൽ ഞാൻ യാത്ര ചെയ്യുകയായിരുന്നു. എനിക്ക് നന്നേ വിശക്കുന്നുണ്ടായിരുന്നു. ഞാൻ വാച്ചിൽ നോക്കി, സമയം രണ്ടുമണി കഴിഞ്ഞിരിക്കുന്നു. ഉച്ചഭക്ഷണം കഴിക്കാനായി കാർനിറുത്തുവാൻ ഡ്രൈവറോട് ആവശ്യപ്പെട്ടു. അടുത്തുകണ്ട ഒരു ഹോട്ടലിനു സമീപം ഡ്രൈവർ കാർ നിറുത്തി.

ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കാനായി കൈയും കഴുകി അടുത്ത് കണ്ട മേശക്കു സമീപം ഞാൻ ഇരുപ്പുറപ്പിച്ചു.

എനിക്ക് അഭിമുഖമായി ഇരുന്നു ഭക്ഷണം കഴിക്കുന്ന ഒരു നവദമ്പതിമാരിലേക്ക് എന്റെ ശ്രദ്ധതിരിഞ്ഞു. അവർ നന്നേ ചെറുപ്പം ആയിരുന്നു, ഏകദേശം 18-21 വയസ്സ്കാണും. വിവാഹം കഴിഞ്ഞിട്ട് ഒന്നോ രണ്ടോ ദിവസം ആയി കാണും ചെറുക്കന്റെ കുഞ്ഞനുജത്തിയും അമ്മയും ആയിരിക്കണം അവരുടെ അടുത്ത് ഇരിക്കുന്നത് എന്ന് എനിക്ക് തോന്നി.

ഞാൻ സസൂക്ഷ്മം അവരെ നിരീക്ഷിച്ചു. ആ പെൺകുട്ടിയുടെ മുഖം മ്ലാനമായി ഇരിക്കുന്നത്

ഞാൻ കണ്ടു. ചിരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അറിയാതെ

അവളുടെ കണ്ണിൽനിന്നും കണ്ണീർമുത്തുകൾ ഉരുണ്ടുതാഴേക്ക് പതിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അതെ..... അവൾ വിതുമ്പുകയാണ്......

ഞാൻ ചുറ്റും വീക്ഷിച്ചു. ആ ഹോട്ടലിൽ ഇരുന്നു ഭക്ഷണം കഴിക്കുന്നവരിൽ ഭുരിഭാഗം ആൾക്കാരും ചെറുക്കന്റെ ബന്ധുമിത്രാദികൾ ആണെന്ന് തോന്നുന്നു. ഏകദേശം 15-20 പേർ കാണും. അവർ ഉറക്കെ സംസാരിക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്യുന്നു. എല്ലാവരും ആഹ്ളാദതിമർപ്പിൽ ആണ്.

ഞാൻ പുറത്തേക്കുനോക്കി. ഒരു ടൂറിസ്റ്റ് മിനിബസ്സ് അവിടെകിടക്കുന്നത് കണ്ടപ്പോൾ

എന്റെ നിഗമനം ശരി ആണെന്ന് എനിക്ക്തോന്നി.

വിവാഹംകഴിഞ്ഞു ഒന്നുരണ്ടു ദിവസത്തിനുശേഷം പെണ്ണിനെ ചെറുക്കന്റെ വീട്ടിലേക്കുവിളിച്ചുകൊണ്ട് പോകുന്നവഴിക്ക് ഭക്ഷണം കഴിക്കാൻ ഹോട്ടലിൽ കയറിയതാണ് ഇവരെന്ന് എനിക്ക് അനുമാനിക്കാൻ കഴിഞ്ഞു.

ഞാൻ ചുറ്റും കണ്ണോടിച്ചു. കുടുംബത്തിൽ ഒരു പുതിയ വ്യക്തിയെ കിട്ടിയ സന്തോഷത്തിൽ ആണ് എല്ലാവരും. തന്റെ ജീവിതത്തിൽ എല്ലാം പങ്കുവെക്കുവാൻ, തന്നെ കരുതുവാൻ, ഒരാളെ കിട്ടിയ സന്തോഷത്തിൽ ആണ് ആ ചെറുക്കൻ. എന്നന്നേക്കുമായി ഒരു മകളെ കിട്ടിയ സന്തോഷത്തിലാണ് ആ അമ്മ. തന്നെ മനസ്സിലാക്കുവാനും, തന്റെ സംസാരം കേൾക്കുവാനുമായി ഒരു കൂട്ടുകാരിയെ കിട്ടിയ ആഹ്ളാദത്തിൽ ആണ് ആ കുഞ്ഞനുജത്തി!

കുഞ്ഞനുജത്തി വായ് തോരാതെ സംസാരിക്കുന്നുണ്ടായിരുന്നു. അവൾ തമാശ പറഞ്ഞു മറ്റുള്ളവരെ ചിരിപ്പിക്കുകയാണ്. അപ്പോഴും ആ പെൺകുട്ടി വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു.

ആ പെൺകുട്ടിയുടെ മനസ്സിനെ എനിക്ക്. നന്നായി കാണാമായിരുന്നു. തന്നെ നൊന്തുപ്രസവിച്ചുവളർത്തിയ അമ്മ, വേണ്ടുവോളം സ്നേഹവും കരുതലും തന്നു തന്റെ എല്ലാ ആഗ്രഹങ്ങളും സാധിപ്പിച്ചു തന്ന അച്ഛൻ. എന്നും വഴക്കിട്ടിരുന്നെങ്കിലും തന്റെ ആശ്വാസവും എല്ലാം ആയിരുന്ന സഹോദരീസഹോദരന്മാർ. എല്ലാവരെയും ഒരു ദിവസം വിട്ടുപിരിഞ്ഞുപോവുക.....ഹൃദ യംപൊട്ടുന്നു......

അവൾ ചിന്തിച്ചിട്ടുണ്ടാവും-- താൻ ജനിച്ചു വളർന്ന മനോഹരമായ ഗ്രാമം, നന്മനിറഞ്ഞ അയൽക്കാർ, എന്നും കാണാറുള്ള കൂട്ടുകാർ-- അവർ ഒക്കെ ഇനി ഒരു സ്വപ്നം മാത്രം ആയി അവശേഷിക്കുന്നു.

വിരഹവേദന എത്ര കഠിനമാണ്. സന്തോഷമുള്ള കുട്ടിക്കാലവും, ഗ്രാമാന്തരീക്ഷവും, മാതാപിതാക്കളുടെ സാമീപ്യവും ശരിക്കും അനുഭവിച്ചവർക്ക്, ഒരുദിവസം അതെല്ലാം മറന്നു വേറൊരു ചുറ്റുപാടിൽ പോകുമ്പോൾ ഉണ്ടാകുന്ന ദുഃഖം എത്ര വലുതാണ്, ഞാൻ ചിന്തിച്ചു.

എന്റെ ഹൃദയം നൊന്തു. പൂർണ്ണമായും അവളുടെ വേദന എനിക്ക് മനസിലാകുന്നുണ്ടായിരുന്നു. ഞാൻ നെടുവീർപ്പിട്ടു.

ഞാൻ പ്ലേറ്റിലേക്ക് നോക്കി, ആഹാരം ഒട്ടും തന്നെ ഞാൻ കഴിച്ചിരുന്നില്ല. എന്റെ വിശപ്പ് എങ്ങോ പോയിരുന്നു.

ഞാൻ എഴുന്നേറ്റു കൈകഴുകി. കാഷ് കൊടുക്കുവാൻ കൌണ്ടറിന്റെ അടുത്ത് നിൽക്കുമ്പോൾ ഞാൻ അവസാനമായി അവളെ ഒന്ന് നോക്കി. അവളും ഭക്ഷണം ഒന്നും കഴിച്ചിരുന്നില്ല.

അവളുടെ മിഴികൾ നിറഞ്ഞുതുളുമ്പുന്നത് ദൂരത്തുനിന്നും ഒരിക്കൽകൂടി ഞാൻ നോക്കികണ്ടു.



# ബാല്യം - ഒരോർമ്മ

സരിത പ്രവീൺ



ഓർമയില്ലേ നിനക്കോർമ്മയില്ലേ
സുരസമാം ആ ബാല്യകാലം
ഓർമ്മ തൻ പുസ്തകത്താളിലെ നിറമാർന്ന
അതിസുന്ദര വർണ്ണകാലം
അനിതര സൗഭാഗ്യകാലം

നാട്ടുമാഞ്ചോട്ടിൽ കൂട്ടരുമായ് ചേർന്ന്
കളി യൂയലാടിയ കാലം
തോഴരെ തോൽപ്പിച്ച്
കാറ്റിന്റെ കൈയ്യിലെ മാമ്പഴം നേടിയ കാലം
ഉള്ളിൽ ചിരി മഴ പൊഴിഞ്ഞൊരാക്കാലം

പുഴയിലെ തെളിനീരിൽ നീന്തിത്തുടിച്ചതും
കളി ചിരിയോടതിൽ മുങ്ങി നിവർന്നതും
കലഹിച്ചും പിന്നെ ഇണങ്ങിയുമേറെ
നാളുകൾ ഓർമ്മകളായി
നമ്മൾ അതിദൂരം പിന്നിട്ടു പോയി

പൂക്കളമിട്ടും വിഷുക്കണി കണ്ടും
ഒത്തൊരുമിച്ചൊരാ കാലം
കടങ്ങളെ അറിയാത്ത
കടപ്പാടുമറിയാത്ത
നിരുപമ സുന്ദര കാലം
മുന്നിൽ രസമഴ പൊഴിഞ്ഞൊരാ കാലം

ജൻമരസങ്ങളെ ഓരോന്നും നുകരവെ
അറിയുന്നു ഞാനാ ദു:ഖസത്യം
തിരിച്ചിനി അണയില്ലാ സൗഭാഗ്യകാലം
ഓർമ്മകളിൽ മാത്രം സ്വന്തം
ബാല്യം ഓർമ്മകളിൽ മാത്രം സ്വന്തം...



# അമ്പലപ്രാവും പരുന്തും

ടി.ജി. രവീന്ദ്രൻ

അമ്പലത്തിന്റെ ഗോപുരമുകളിലിരുന്ന് അമ്പലപ്രാവ് എന്നും ചിന്തിക്കും...

നീലാകാശത്ത് തന്റെ ചിറകിന്റെ താളക്രമത്തിൽ പറക്കുന്ന കൃഷ്ണപ്പരുന്തുമായി ഒരു സൗഹൃദം സ്ഥാപിക്കാൻ കഴിഞ്ഞുവെങ്കിൽ എത്ര നന്നായിരുന്നു. ഇതിനു വേണ്ടി എന്നും തേവരോടു പ്രാർത്ഥിക്കും. പക്ഷെ കൃഷ്ണപ്പരുന്തിന് നിഷ്ക്കളങ്കയായ അമ്പലപ്രാവി നോട് ഒരു താൽപ്പര്യവും ഇല്ലാത്ത പോലെ.

ക്രമേണ പരുന്തും തന്റെ പുതിയ സു ഹൃത്തിനെ കണ്ടു, അറിഞ്ഞു ആ ബന്ധം അങ്ങിനെ വളർന്ന് വളർന്ന് അവർ ആത്മസുഹൃത്തുക്കളായി. പ്രാവിന്റെ അഭ്യുദയകാംക്ഷികൾ എന്നും ഉപദേശിക്കും പരുന്ത് നമ്മളേപ്പോലുള്ള ചെറിയ പക്ഷികൾക്ക് അപകടകാരി ആണ് എന്ന്. പക്ഷെ പരുന്തിന്റെ ലാളനയാലും സ്നേഹപ്രകടനത്താലും എല്ലാം മറന്ന പ്രാവ് ബന്ധം തുടർന്നു. സ്വന്തം എന്ന് പ്രാവ് കരുതിയിരുന്ന തന്റെ അമ്പലത്തിന്റെ ചട്ടക്കൂടിൽ നിന്നും പുറത്തുകടന്നാൽ വിശാലമായ ഒരു ലോകമുണ്ടെന്നും, കൊണ്ടു പോയിക്കാണിക്കാമെന്നും മറ്റും പറഞ്ഞ് പ്രലോഭിപ്പിച്ച് പ്രാവിനെ തന്റെ വരുതിയിലാക്കി കൊണ്ടു നടന്നു. തുടക്കത്തിൽ പ്രാവിന് വളരെ സന്തോഷം. ചിലപ്പോൾ പരുന്തിന്റെ പെരുമാറ്റത്തിൽ ഒരു അരോചകത്വം. സ്വയം സമാശ്വസിപ്പിച്ചു. നമ്മൾ വ്യത്യസ്തരായ കുടുംബക്കാരല്ലെ. ഇത്തരം സ്വഭാവ വൈചിത്ര്യങ്ങളും സ്വഭാവികം.

ഒടുവിൽ സംഭവിച്ചു. പരുന്ത് തനിസ്വഭാവം കാട്ടി. പ്രാവിന്റെ ചിറകുകളാകുന്ന വസ്ത്രങ്ങൾ ഉരിഞ്ഞ് ക്രൂരമായി കൊത്തി .....

കൊത്തിന്റെ ശക്തിയിൽ ഞെട്ടിയുണർന്നപ്പോൾ ..... ആവു ഒരാശ്വാസം...... താൻ പ്രാവുമല്ല ഒരു പരുന്തിനാൽ കൊത്തുമേറ്റിട്ടില്ല. തന്റെ അടുത്തു കിടക്കുന്ന പേരക്കുട്ടി യെ കണ്ടപ്പോൾ സമാധാനം എല്ലാം ഒരു സ്വപ്നം

എന്നാലും ഒരു ചിന്ത... ചെറുപ്പകാലത്തെ ഉപബോധമനസിലുള്ള ഏതോ സംഭവമല്ലെ ഈ സ്വപ്നത്തിന് നിദാനം?



## My Own

**Meena Anil**

Strolling on a pleasant afternoon,
Taking in enchanting views of
The majestic mountain with dense vegetation,
The calm sea stretching beyond sight,
The breath-takingly beautiful gardens
From the elevation I stood
Realization dawns on me

Awestruck I am, by the beauty around
But neither am I wanting
To own the wonderful creations,
Nor am I disgruntled about
Being a mute spectator.
Imbibed within me is the acceptance
That not all great things are meant to be owned
Rather, I look up to the brightness
Shining through the veil of clouds.

Unpretentiously displaying its superior power
And thank it for being high-up there And making me feel privileged
About being chosen for witnessing its bounty
Teaching  to cherish the facts of life without ownership

# മഴ

ലീനാ പിള്ള



വരണ്ട വേനലിന്റെ ചൂടിൽ
പിളർന്ന മണ്ണിന്റെ മാറിൽ
ഒരു തുള്ളി ദാഹജലം പതിച്ചു
ജനനിതൻ അമൃതേത്ത് എന്ന പോൽ

ലതവൃക്ഷാദികൾ ഇളകിയാടി
മന്ദമാരുതൻ കൂട്ടിന് പാട്ടുമായി
ഉണർന്നു പ്രകൃതിയൊരു -
സുന്ദരദിനത്തിന്റെ വരവേൽപ്പിനായ്

ഉയർന്നു മണ്ണിൻ നറുമണം
വിരിഞ്ഞുവാനിൽ സപ്തവർണ്ണങ്ങൾ
വിരിച്ചുമയിലും തൻ വെഞ്ചാമരം
ഹാ! സുന്ദരം എത്രമനോഹരം പ്രകൃതി

# വനിതാദിനം

ആശമോൾ എൻ എസ്



നഗരത്തിൽ നിന്നുള്ള അവസാന വണ്ടി സ്റ്റേഷനിൽ കിതച്ചു നിൽക്കുമ്പൊഴേക്കും മഴ വീണു തുടങ്ങിയിരുന്നു. ഒരു മുന്നറിയിപ്പുമില്ലാതെ... കുടയെടുത്തിരുന്നില്ല. അല്ലെങ്കിലുമുഷ്ണം കത്തിപ്പടരുന്ന, വരണ്ട കരിയിലകൾ കിന്നാരം പറഞ്ഞു രസിക്കുന്ന ഈ മാർച്ചു മാസത്തിൽ മഴ ഒരു അപ്രതീക്ഷിത അതിഥി ആണല്ലൊ.

തീവണ്ടി പതിവിലും വൈകിയിരുന്നു. നീങ്ങിത്തുടങ്ങിയ വണ്ടിയിലെ തിരക്കിലേക്കു കയറുമ്പൊഴും ഗ്രാമത്തിലേക്കുള്ള അവസാന ബസ് കിട്ടുമോ എന്നുള്ള പേടിയായിരുന്നു മനസ്സിൽ . പണ്ടൊന്നും ഇതുപോലെ ഭയപ്പെട്ടിരുന്നില്ലെന്നു അനിത വിഹ്വലതയോടെ ഓർത്തു. പണ്ടെന്നു പറഞ്ഞാൽ എട്ടോ പത്തോ വർഷങ്ങൾക്കു മുമ്പ്. അന്നു ബസ് സ്റ്റോപ്പിൽ അഛ്ഛൻ കാത്ത് നില്ക്കാറുണ്ടായിരുന്നില്ലെങ്കിലും ഭയമില്ലായിരുന്നു. പക്ഷേ ഇന്നു വാർധക്യം തളർത്തിയ ശരീരവുമായി അഛ്ഛൻ മകളെ കാത്തുനിൽക്കുന്നു. നരച്ച പുരികങ്ങൾക്കു മീതെ കൈത്തലം വച്ചു കിതച്ചു നില്ക്കുന്ന ഓരോ

ബസിലേക്കും നോക്കുന്നു. തീവണ്ടി പൊടുന്നനെ നിന്നു . എതോ വിദൂര തീവണ്ടി കടന്നു പോകുന്നു. പ്രതീക്ഷയോടെയും അല്ലാതെയും ഒരുപറ്റം മനുഷ്യർ കടന്നു പോകുന്നു. മാർച്ചു മാസം. കൂട്ടലുകളും ...കിഴിക്കലുകളും നടത്തി കമ്പനി ലാഭനഷ്ടക്കണക്കുകൾക്കുള്ളിൽ മുങ്ങിത്താഴുന്നു. വരവു കുറവ്...ചെലവു കൂടുതൽ കണ്ടെത്തലുകൾക്കിരയായി പടിയിറങ്ങാൻ വിധിക്കപ്പെട്ടവരുടെ കണ്ണുനീർ... എല്ലാം നിർവികാരതയോടെ നോക്കി നിൽക്കാൻ പഠിച്ചതെന്നാണ്? എല്ലാവർക്കും എന്നോ പ്രതികരണശേഷി നഷ്ടപ്പെട്ടിരിക്കുന്നു. യന്ത്രങ്ങളെപ്പോലെ പണിയെടുക്കുന്ന ഒരു പറ്റം മനുഷ്യർ... ഒന്നും മാറുന്നില്ല... കോഫീ മെഷീനിലെ കാപ്പിയുടെ അളവു പോലും ... ആരും ചിരിക്കാറില്ല.... ചിരിക്കാൻ മറന്നവർ..... നേട്ടങ്ങൾ കൊയ്യാൻ ടാർഗറ്റു പൂർത്തിയാക്കാൻ നെട്ടോട്ടമോടുന്നവർ.......... കണ്ണാടിച്ചുവരുകൾക്കപ്പുറം ആകാശം.... അസ്തമയ സൂര്യൻ.....കനത്ത തൂണുകൾക്കുമേലെയുള്ള മേൽപ്പാലത്തിലൂടെ പാഞ്ഞു പോകുന്ന മെട്രൊ ട്രെയിനുകൾ. ഓഫീസിലെ ചില്ലുജാലകത്തിനപ്പുറത്തേക്കു

നോക്കിയിരിക്കാൻ വെറുതെ കൊതിക്കാറുണ്ട്. അനേകായിരം ക്യാമറക്കണ്ണുകൾ തുറന്നിരിക്കുന്ന.....ഓഫീസിൽ ജയിൽ വാർഡനെപ്പൊലെ റോന്തു ചുറ്റുന്ന മാനേജർ..... മീറ്റിങ്ങുകൾ.... ചെയ്തുതീർക്കേണ്ട ജോലികളെപ്പറ്റിയുള്ള നീണ്ട വിവരണങ്ങൾ.... സമയപരിധികൾ... അക്കങ്ങളിൽ നിന്നും അക്കങ്ങളിലൂടെ കണ്ണുകൾ കൂനനുറുമ്പിനെപ്പൊലെ സഞ്ചരിച്ചു. എല്ലാമൊതുക്കി ബാഗെടുത്തിറങ്ങുമ്പോൾ എഴുമണി കഴിഞ്ഞിരുന്നു. ഒരു മണിക്കൂർ വൈകി. ലിഫ്റ്റ് മുകൾ നിലയിലെവിടെയോ കുരുങ്ങി നിൽക്കയാവാം...നേരം വൈകിയതിനാൽ പടികൾ ഓടിയിറങ്ങി സ്റ്റേഷനിൽ എത്തുമ്പൊഴേക്കും തീവണ്ടി എത്തിക്കഴിഞ്ഞിരുന്നു.

ട്രെയിൻ വീണ്ടും ചലിച്ചു തുടങ്ങി. ആരവങ്ങൾക്കിടയിൽ പതറിയ ശബ്ദത്തിലുള്ള അനൌൺസ്മെന്റ് കേൾക്കാനാകുന്നില്ല. മിക്കവരും മൊബൈലിൽ കണ്ണുകൾ നട്ടു തങ്ങളുടെതായ ലോകത്തിൽ മുഴുകി. എതോ കുഞ്ഞിന്റെ കരച്ചിൽ ശബ്ദത്തോടെ കറങ്ങിക്കൊണ്ടിരിക്കുന്ന പഴയ പങ്ക ചലിക്കാതായതോടെ ഉച്ചത്തിലായി. തോളിൽ ഭാരം പേറുന്ന ബാഗുമായി അമ്മ കുഞ്ഞിന്റെ കരച്ചിൽ ശമിപ്പിക്കാൻ നോക്കുന്നു. മങ്ങിയ പ്രതീക്ഷയോടെ കുഞ്ഞിന്റെ അമ്മ ഇരിക്കുന്നവരെ നോക്കുന്നുണ്ട്..... വിയർത്ത കൈത്തലങ്ങളും...ക്ഷീണിച്ച കണ്ണുകളും...അനിത നോട്ടം മാറ്റി. ലോക്കൽ സാധനങ്ങൾ വിൽക്കാൻ വന്ന കൊച്ചുകുട്ടി അടുത്ത സ്റ്റേഷനിൽ വണ്ടി നില്ക്കും മുൻപെ ചാടിയിറങ്ങി, വനിതാ കമ്പാർട്ടുമെന്റ് ലക്ഷ്യമാക്കി ഓടി.

ആകാശം മൂടിക്കെട്ടിയതുകൊണ്ടാകാം ഉഷ്ണം വമിക്കുന്ന തീവണ്ടിമുറി... രണ്ടു കൂട്ടുകാരികളുടെ ഉറക്കെയുള്ള ചിരിയിൽ ചിന്തകൾ മുറിഞ്ഞു. കയ്യിൽ വായിക്കൻ കരുതിയ പുസ്തകം നിവർത്താനാകാത്ത തിരക്ക്. ബാഗിൽ മൊബൈൽ ഫോൺ ചിലയ്ക്കുന്നു. അച്ഛനാകാം... അനിത ഫോണെടുത്തു. അച്ഛനു മറുപടി നല്കി. ഒരു മണിക്കൂറെടുക്കും. ബസ് കിട്ടി ഗ്രാമത്തിലെ ബസ് സ്റ്റോപ്പിലെത്താൻ. അച്ഛനിപ്പോൾ ടോർച്ചും കുടയുമായി വീട്ടിൽനിന്നിറങ്ങിയിട്ടുണ്ടാവും. പതിനഞ്ചു മിനിട്ടു ദൂരമേയുള്ളൂ വീട്ടിൽനിന്നു ബസ് സ്റ്റോപ്പിലേക്ക്. എങ്കിലും പതിവിലും വളരെ നേരത്തെ കാത്തുനില്ക്കുക അച്ഛന്റെ ശീലമായിക്കഴിഞ്ഞു......

പട്ടണത്തിൽനിന്നു വളരെയകലെ... ഇരുട്ടു പുതച്ചു നില്ക്കുന്ന വീടു കണ്മുന്നിൽ തെളിഞ്ഞു. അമ്മ കാത്തിരിക്കുന്നു. പഴയ വീട്... എരിയുന്ന

നിലവിളക്ക്.... മുറ്റത്തു തുളസിച്ചെടിയിലും പാരിജാതക്കാടുകളിലും മിന്നാമിനുങ്ങുകൾ പറക്കുന്നു. നേർത്ത പ്രതീക്ഷപോലെ ......പഴയ ഘടികാരത്തിൽ നോക്കി ആവലാതി പൂണ്ട് അമ്മ സ്വയം പറയുന്നു. ....അനിക്കുട്ടിയെന്തേ വൈകുന്നു.... നിലവിളക്കിൽ തിരി നീട്ടുന്ന ശോഷിച്ച കൈകൾ. നെറ്റിയിൽ ഭസ്മക്കുറിയും പ്രായം വരച്ച ചുളിവുകളും...... മകളെയോർത്തുള്ള ആധിയാകാം ആ വരകൾ. പഴയ അടുക്കള... കനലുകൾക്കു മീതെ പൊള്ളി കുമിളക്കുന്ന പപ്പടം........ ചുവരിനോടു ചേർന്നുറങ്ങുന്ന കുറിഞ്ഞിപ്പൂച്ച.... അമ്മ കുറിഞ്ഞിപ്പൂച്ചയോടു സ്വകാര്യം പറഞ്ഞു...

"കാലം വല്ലാത്തതാണല്ലൊ"...

മാവിലകൾ പൊഴിഞ്ഞു വീണ മുറ്റത്തും മഴ പെയ്യുന്നുണ്ടാവാം.... കുറുമൊഴിമുല്ലകൾ പൂത്തു.... മഴച്ചാറ്റലേറ്റു സൌരഭ്യം പൊഴിക്കുന്ന പൂക്കൾ... ഇരുട്ടിൽ കൺമിഴിക്കുന്ന വെളുത്ത പൂവുകൾ.... തെക്കെയറ്റത്തു നെയ്തിരിയായി.... നനുത്തൊരോർമയായി മുത്തശ്ശി.... കടവാവലുകൾ പേരമരത്തിൽ കൂട്ടമായെത്തുന്നു.... സ്വപ്നമോ ഓർമ്മയോ... യാഥാർത്ഥ്യമോ.... ഒന്നും മനസ്സിലാകാതെ സ്റ്റേഷനിൽ നിർത്തിയ വണ്ടിയിൽ നിന്നും അനിത ചാടിയിറങ്ങി... ബസ് പുറപ്പെടാൻ ഒരുങ്ങി നില്ക്കുന്നു. ചെറിയ പട്ടണത്തിൽ വൈദ്യുത വിളക്കുകൾ തെളിഞ്ഞു നിന്നിരുന്നു.....

"കുട്ടിയിന്നു താമസിച്ചുവോ..."

സമീപത്തെ തട്ടുകടയിൽനിന്നും ചായ കുടിച്ചുനിന്ന കണ്ടക്ടർ ചോദിക്കുന്നു. “ധ്റുതി വെക്കേണ്ട... പുറപ്പെടാൻ സമയമുണ്ട്...."എന്നു ആശ്വസിപ്പിച്ചു.... സൈഡിലെ സീറ്റിലിരുന്നപ്പൊഴേക്കും മഴച്ചാറ്റൽ കൂട്ടിനെത്തി.....അച്ഛനെ വിളിക്കേണ്ടെന്നു തീരുമാനിച്ചു.....ഇനിയും വൈകുന്നതോർത്തു ആധി കൂട്ടും... ബസിൽ തിരക്കുണ്ടായിരുന്നില്ല... അനിത പരിചിത മുഖങ്ങൾ പരതി... ബസ് ഇളകി നീങ്ങിയതും മഴ കൂടുതൽ ശക്തമായി... ഇരുട്ടു പടർന്നുകിടക്കുന്ന വഴികൾ....വഴിവക്കിലെ വീടുകളിൽ കണ്ണു ചിമ്മുന്ന ചെറിയ വിളക്കുകൾ ...കറണ്ടു പൊയിട്ടുണ്ടാവാം.....ഒരു ചെറിയ മഴയേ പെയ്തുള്ളു.....എതോ കുട്ടി ഉറക്കെ വായിക്കുന്ന ശബ്ദം... ഗ്രാമത്തിൽ ഒന്നും മാറുന്നില്ല...ബസ് പാലത്തിലേക്കു കയറി... തണുത്ത കാറ്റു വീശുന്നു....താഴെ പുഴ... വെള്ളത്തിന്റെ നിറം കാണാൻ വയ്യ .... നീലയോ അതോ ചെമ്മൺനിറമോ... കിഴക്കു മഴ പെയ്തെങ്കിൽ ചെമ്മൺനിറമാകും..

ബസ് നിരങ്ങി നീങ്ങി.... സ്ത്രീകളായി ബസിൽ വേറാരുമില്ല ...മൂന്നൊ നാലൊ പേർ.......ചിലർ മഴയെ ശപിക്കുന്നു.... കാലം തെറ്റിയ മഴ.... കുടയെടുത്തിട്ടില്ല..... ചില കൃഷികൾ നഷ്ടത്തിലാകുമെന്നു ചിലർ ആവലാതിപ്പെട്ടു... മഴ ശക്തമായി... ഒരു കുട കൂടി കൊണ്ടുവരാൻ അച്ഛനോടു പറയാൻ മറന്നു..... കൊണ്ടുവരുമായിരിക്കും...

എതോ ചെറിയ സ്റ്റോപ്പിൽ ബസ് നിർത്തി ...ഒന്നു രണ്ടു പേർ ഇറങ്ങി ..... അപ്പോൾ കയറിയ ഒരാൾ അനിതയെ തുറിച്ചു നോക്കി....മുഖം കുനിക്കേണ്ടതില്ലെന്നു അനിത വിചാരിച്ചു...അച്ഛൻ കാത്തുനിന്നു മടുത്തു കാണും.... ചെറിയ ബസ്സ്റ്റോപ്പാണ്..... കയറി നിൽക്കാൻ ഇടം കഷ്ടിയാണ്...അഭയം തേടുന്ന നായ്ക്കളും മഴയും അച്ഛനെ ശല്യം ചെയ്യും...ബസ് ഇരുട്ടിനെ കീറിമുറിച്ചു മുന്നോട്ടോടിക്കൊണ്ടിരുന്നു.......

"കുട്ടീ....ഇറങ്ങേണ്ട സ്റ്റോപ്പായി...."

പതിവുകണ്ടക്ടർ കരുതലോടെ പറയുന്നു ....ഇരുട്ടിൽ ഒന്നും കാണാൻ വയ്യ...സാരി തല വഴി മൂടി അനിത ഇറങ്ങി...ബസ് ഇരമ്പി നീങ്ങിപ്പോയി. പെട്ടെന്നാകെ ഇരുട്ടായപോലെ... ബസ്സ്റ്റോപ്പിൽ അച്ഛനില്ല ..ഒരു ആശ്വാസത്തിനായി അനിത മൊബൈലെടുത്തു.... വീട്ടിൽ നിന്നു പുറപ്പെട്ടോ ആവോ... സിഗ്നലില്ല... മുന്നോട്ടു നടക്കാമെന്നുവച്ചു. തന്റെ ഗ്രാമം... താൻ നടന്ന വഴികൾ... എന്നിട്ടും ഉടലാകെ ഭയം പൊതിയുന്നു...മഴ ശക്തിയാർജ്ജിച്ചു... അനിത മുൻപോട്ടു തന്നെ നടന്നു...

"കുട്ടീ..."

ആരോ വിളിച്ചുവോ ... തിരിഞ്ഞു നോക്കി... അച്ഛനല്ല... ഇരുട്ടിൽ രൂപം വ്യക്തമല്ല... പെട്ടെന്നു മനസ്സിലായി... മാഷാണത്... തൊട്ടടുത്ത വീട്ടിലെ. നനുത്ത മഞ്ഞുതൊടുന്ന പോലെ.... കനലായി മാറിയ ഹൃദയത്തിൽ തണുപ്പുനിറഞ്ഞു....

"പട്ടണത്തിലെ കോളേജിൽ ഒരു മീറ്റിങ്ങുണ്ടായിരുന്നു... ഒന്നു രണ്ടു പേരെ കണ്ടു വന്നപ്പോഴേക്കും നേരം വൈകി..." മാഷ് തുടരുന്നു...

"ഇന്നു വനിതാദിനമല്ലേ..." മാഷ് സാഹിത്യകാരനാണ്... നല്ല പ്രസംഗകനാണ്.... "വനിതാദിനം... വിഷയം ഒരുപാടുണ്ടേ..." മാഷ് വീണ്ടും തുടരുന്നു....ഒരു ടോർച്ചിന്റെ വെളിച്ചം... അച്ഛൻ ബദ്ധപ്പെട്ടു നടന്നു വരുന്നു... മാഷിനെക്കണ്ടു ചിരിച്ചു..

"നന്നായി ...മാഷിനെ കൂട്ടു കിട്ടിയത്.... മഴയും മുട്ടിനു വേദനയും ചതിച്ചു..."

അച്ഛനും മാഷും വർത്തമാനം തുടരുന്നു... അതെ... ഇന്നു വനിതാദിനമാണല്ലോ... വനിതാദിനം.... അച്ഛന്റെ കൈ പിടിച്ചു മാഷിനൊപ്പം നടക്കുമ്പോൾ അനിതയോർത്തു... പാരിജാതക്കാടുകളിൽ അപ്പോഴും മിന്നാമിനുങ്ങുകൾ പറന്നു..




**സൂചന: ഈ പ്രസിദ്ധീകരണത്തിലെ കൃതികളുടെയും അഭിപ്രായങ്ങളുടെയും പരിപൂർണ്ണ ഉത്തരവാദിത്വം അതിന്റെ രചയിതാക്കളിൽ നിക്ഷിപ്തമാണ്.**